

# മട്ടാഞ്ചേരി
## ചരിത്രത്തിലെ അമൂല്യനഗരം

ആസിഫ് ആർ. ഖാൻ

അറബിക്കടലിന്റെ റാണിയായ കൊച്ചിയുടെ പൂർവിക ചരിത്രത്തിലേയ്ക്ക്, സുഗന്ധ വിളകളുടെ നാട്ടിലേയ്ക്ക്, യൂറോപ്യൻമാരുടെ ആഗമനത്തിലേയ്ക്ക്, പുരാതന ഇന്ത്യയുടെ വിവിധ ജാതി-മത-ഗോത്ര വിഭാഗങ്ങളുടെ ഒരു പരിച്ഛേദത്തിലേയ്ക്ക് ഒരു യാത്ര പുറപ്പെട്ടാൽ അത് മട്ടാഞ്ചേരിയിലെത്തി നിൽക്കും. ഇന്ന് ഒരു മെട്രോനഗരമായി വളർന്നു വരുന്ന കൊച്ചിയുടെ തായ്‌വേരുകൾ ഈ പ്രാചീന നഗരത്തിലായിരുന്നു എന്നു നമുക്കറിയാം.

എ.ഡി. 1341 ലെ മഹാപ്രളയത്തിൽ പെരിയാറിന്റെ അഴിമുഖത്ത് സ്ഥിതി ചെയ്തിരുന്ന പുരാതന തുറമുഖമായ മുസിരിസ് (ഇപ്പോൾ കൊടുങ്ങല്ലൂർ) ചെളി അടിഞ്ഞ് ഉപയോഗശൂന്യമായി പോകുകയും അതേസമയം കുറച്ച് തെക്കുവശത്തുള്ള അഴിമുഖമായ കൊച്ചാഴി (ഇപ്പോൾ കൊച്ചി) പുതിയ തുറമുഖമായി തുറക്കപ്പെടുകയും ചെയ്തു. അന്നു മുതൽ മുസിരിസ് വഴി നടന്നു വന്നിരുന്ന സുഗന്ധവിളകളുടെ വാണിജ്യം കൊച്ചിയിലേക്ക് പറിച്ചു നടപ്പെട്ടു. ഈ പുരാതനനഗരം ഒരു കാലത്ത് കൊച്ചിയുടെ രാഷ്ട്രീയ - സമ്പത്ത് സിരാകേന്ദ്രമായിരുന്നു.

കൊടുങ്ങല്ലൂരിനടുത്തുള്ള മഹോദയപുരം ആസ്ഥാനമാക്കി പ്രാചീനകേരളം




കൊട്ടാരത്തിന്റെ നിർദ്ദിഷ്ട രൂപരേഖ





സിനഗോഗിന്റെ നിർദ്ദിഷ്ട ഛായാചിത്രം



സിനഗോഗ് (നിലവിലുള്ള ചിത്രം)

ഭരിച്ചിരുന്ന ചേര രാജവംശത്തിന്റെ പിൻമുറക്കാരായ പെരുമ്പടപ്പ്സ്വരൂപം, അക്കാലത്ത് പ്രഗത്ഭരായിരുന്ന കോഴിക്കോട് സാമൂതിരിമാരുടെ സാമന്തന്മാരായി പ്രവർത്തിച്ചു വരികയായിരുന്നു. പെരുമ്പടപ്പ്സ്വരൂപം അവരുടെ ആസ്ഥാനം മഹോദയപുരത്തുനിന്നും കൊച്ചിയിലേക്ക് മാറ്റുകയും പരദേവതയായ പഴയന്നൂർ ഭഗവതിയുടെ ക്ഷേത്രം മട്ടാഞ്ചേരിയിൽ സ്ഥാപിച്ച്, അവിടം ആസ്ഥാനമാക്കി ഭരണം തുടങ്ങുകയും ചെയ്തു.

പുരാതനകാലം മുതൽ തന്നെ കേരളത്തിലെ സുഗന്ധവിളകളുടെ വ്യാപാരം നടത്തിയിരുന്ന അറബികളിൽ നിന്നും ഇവയുടെ ഉദ്ഭവം തേടി മട്ടാഞ്ചേരിയിൽ എത്തിയ വിദേശികളിൽ ആദ്യം പോർച്ചുഗീസുകാരും പിന്നീട് ഡച്ചുകാരും അവസാനം എത്തിയ ഇംഗ്ലീഷുകാരും ഉൾപ്പെടുന്നു. ഇവരെല്ലാം അക്കാലത്ത് ഭരണം നടത്തിയിരുന്ന കൊച്ചി രാജാക്കന്മാരിൽനിന്നും പണ്ടകശാലകൾ നിർമിക്കുന്നതിനും അവയെ സംരക്ഷിക്കാനെന്ന പേരിൽ സൈനിക ആസ്ഥാനങ്ങളും കോട്ടകൊത്തളങ്ങളും നിർമിക്കുന്നതിനും ഉള്ള അനുമതി നേടിയെടുക്കുകയും, പിൽക്കാലത്ത് ഇവിടെ രാഷ്ട്രീയ ആധിപത്യം ഉറപ്പിക്കുകയും ചെയ്തു.

പ്രദേശത്തിന്റെ വ്യത്യസ്തതകളാലും പുറംരാജ്യങ്ങളുമായുള്ള വ്യാപാരബന്ധങ്ങളാലും മട്ടാഞ്ചേരിക്ക് കേരള ഭൂപടത്തിൽ ഒരു തനതായ സ്ഥാനം നേടാൻ കഴിഞ്ഞു. രാഷ്ട്രീയ-സാമൂഹിക - സാമ്പത്തിക കാര്യങ്ങളെല്ലാം ഈ നഗരത്തിന്റെ രൂപീകരണത്തിലും ഭൂവിഭജനത്തിലും പങ്കുവഹിച്ചിട്ടുണ്ട്.



പാർക്ക് നിർദ്ദിഷ്ട ഛായാചിത്രം

പാർക്ക്







പാർക്ക് & ബോട്ട് ജെട്ടി നിർദ്ദിഷ്ട ഛായാചിത്രം



കനാൽ



കനാലിന്റെ നിർദ്ദിഷ്ട ഛായാചിത്രം





കോളനി



കോളനി നിർദ്ദിഷ്ട ഛായാചിത്രം





നിർദ്ദിഷ്ട നഗരമുഖഛായ (ഛായാചിത്രം)





നഗരമുഖം

വിവിധ ജാതിമത ഗോത്ര സംവിധാനത്തിലുള്ള ഏകീകരണങ്ങൾ ഈ പ്രദേശത്ത് സ്പഷ്ടമായ അതിർവരമ്പുകൾ സൃഷ്ടിച്ചു. എന്നാൽ പത്തൊൻപതാം നൂറ്റാണ്ടിൽ ഉണ്ടായ ശാസ്ത്രപുരോഗതിയും, ഉപഗ്രഹ നഗരങ്ങളുടെ രൂപപ്പെടുത്തലും, അടിസ്ഥാന സൗകര്യങ്ങളുടെ വികസനവും വ്യാപാരമേഖലയെ പതുക്കെ എറണാകുളത്തേയ്ക്ക് അടുപ്പിച്ചു. 1920 ൽ ബ്രിട്ടീഷുകാർ പണികഴിപ്പിച്ച പുതിയ കൊച്ചി തുറമുഖം, ഈ മാറ്റത്തിനു വലിയ പങ്കുവഹിച്ചു.

ആഗോളവത്കരണവും, അശാസ്ത്രീയമായ വികസനനയങ്ങളും, പൊടുന്നനെയുള്ള ജനസംഖ്യാ വളർച്ചയും, പാശ്ചാത്യ സംസ്കാരത്തോടുള്ള അമിതിവേശവും എല്ലാം ഈ പുരാതന നഗരത്തെ അവഗണനയിലേയ്ക്കും നാശത്തിലേയ്ക്കും നയിച്ചു.

കേരളത്തിലെ ഈ പ്രാചീന നഗരത്തിന്റെ സംരക്ഷണം, ഒപ്പം പുതിയ കാലഘട്ടത്തിന്റെ ആവശ്യങ്ങൾക്ക് ഉതകുന്ന രീതിയിൽ മട്ടാഞ്ചേരിയുടെ പൈതൃകം സംരക്ഷിക്കുക, അതോടൊപ്പം തന്നെ അടിസ്ഥാനസൗകര്യങ്ങൾ വികസിപ്പിച്ച് ഒരു പ്രധാന വിനോദസഞ്ചാരകേന്ദ്രമായി വികസിപ്പിക്കുക - ഇത്തരം പദ്ധതികൾ അടിസ്ഥാനമാക്കി തമിഴ്നാട് സ്കൂൾ ഓഫ് ആർക്കിടെക്ചർ അഞ്ചാം വർഷ വിദ്യാർത്ഥികൾ ആർക്കിടെക്റ്റ് ആസിഫ് ആർ. ഖാന്റെയും ആർക്കിടെക്റ്റ് കെ.എം. രാജന്റെയും മേൽനോട്ടത്തിൽ പഠനം നടത്തുകയുണ്ടായി. ഇതിൽ നിന്നുരിത്തിരിഞ്ഞ നിർദ്ദേശങ്ങൾ പലതും മട്ടാഞ്ചേരിയുടെ നഷ്ടപ്രതാപം വീണ്ടെടുക്കാൻ പര്യാപ്തമായവയാണ്.

ഒരുകാലത്ത് മട്ടാഞ്ചേരിയുടെ ഏറ്റവും പ്രൗഢിയാർന്ന പ്രദേശമായിരുന്നു ജൂതത്തെരുവ്. ഇവിടുത്തെ ഓരോ പുരാതനശില്പങ്ങൾക്കും കെട്ടിടങ്ങൾക്കും 400 - 500 വർഷത്തെ പഴക്കമുള്ള കഥ പറയാനുണ്ട്. എന്നാൽ പുരാതന കാലത്തെ വലിയ സുഗന്ധദ്രവ്യ വ്യാപാര കേന്ദ്രങ്ങളായിരുന്ന പല പ്രദേശങ്ങളും ഇന്ന് നാശത്തിന്റെ വക്കിലാണ്. അവിടെ പൗരാണികതയ്ക്ക് കോട്ടം സംഭവിക്കാതെ എന്നാൽ ആധുനികയുഗത്തിന് യോജിക്കുന്ന സൗകര്യങ്ങളോടു കൂടിയ വ്യാപാരസമുച്ചയം നിർമിക്കുക എന്ന നിർദ്ദേശം സ്വദേശികൾക്കും വിദേശികൾക്കും ഉപകാരപ്പെടുന്നതും അതുപോലെ തന്നെ സാമ്പത്തിക പ്രയോജനം ഉളവാക്കുന്നതും ആയിരിക്കും.

മട്ടാഞ്ചേരിയിലെ പുരാതന വ്യാപാര പ്രദേശമാണ് ബസാർ റോഡ്. ഈ റോഡിന് ഇരുവശത്തുമുള്ള സുഗന്ധവിളകളുടെ പണ്ടകശാലകൾ കേരളീയ-പോർച്ചുഗീസ്-ഡച്ച് വാസ്തുശില്പകലയുടെ ഒരു അപൂർവ്വ സമ്മിശ്രണമാണ്. എന്നാൽ ഈ പ്രദേശവും ഇന്ന് നാശോന്മുഖമായി കൊണ്ടിരിക്കുകയാണ്. ഈ പ്രദേശത്തിന്റെ നഷ്ടപ്രതാപം വീണ്ടെടുക്കാനും ഇതിനെ സംരക്ഷിക്കുവാനും ഉള്ള നിർദ്ദേശങ്ങൾ വളരെ പ്രസക്തമാണ്.

ഈ നഗരത്തിന്റെ ചരിത്രത്തിൽ തന്നെ വളരെയധികം പ്രാധാന്യമുള്ള ഒന്നാണ് മന്ത്ര കനാൽ. ഈ കനാലിനെ മോടിപിടിപ്പിക്കുവാനും സഞ്ചാരയോഗ്യമാക്കുവാനും ഉള്ള പദ്ധതികളും ഇവിടുത്തെ അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്താനുമുള്ള നിർദ്ദേശങ്ങളുമാണ് പരിഗണിക്കേണ്ട മറ്റൊന്ന്.

മട്ടാഞ്ചേരി ഡച്ച് കൊട്ടാരം കൊച്ചിയുടെ തന്നെ ഒരു പ്രധാന വിനോദസഞ്ചാര കേന്ദ്രമാണ്. കേരളീയ - ഡച്ച് - വാസ്തുശില്പകലയിൽ നിർമിച്ചിട്ടുള്ള ഈ കൊട്ടാരം ഇന്ന് ആർക്കിയോളജിക്കൽ സർവേ ഓഫ് ഇന്ത്യ മ്യൂസിയം ആയി സംരക്ഷിച്ചു വരുന്നു. ഈ കൊട്ടാരം സ്ഥിതി ചെയ്യുന്ന പരിസരം മോടിപിടിപ്പിക്കുവാനുള്ള പരിശ്രമം വിനോദസഞ്ചാരമേഖലയ്ക്കും നേട്ടമുണ്ടാക്കും.




പുരാതനകാലം മുതൽ തന്നെ മട്ടാഞ്ചേരിയിലെ ജനങ്ങൾ ജല ഗതാഗതസംവിധാനത്തെ ആശ്രയിച്ചു വന്നിരുന്നു. ഇന്നും വളരെ അധികം വിനോദസഞ്ചാരികൾ ഇത് ആസ്വദിക്കുന്നു. ഇതൊക്കെയാണെങ്കിലും ഇവിടുത്തെ ബോട്ട് ജെട്ടിയുടെ അവസ്ഥ വളരെ പരിതാപകരമാണ്. ജെട്ടി പുതുക്കിപ്പണിയുക, ഒപ്പം തന്നെ അതിനോടു ചേർന്നുള്ള പാർക്ക് പുനരുദ്ധരിക്കുക, കംഫർട്ട് സ്റ്റേഷൻ, പാർക്കിങ് സൗകര്യങ്ങൾ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുക- ഇത്തരം പദ്ധതികൾ സ്വദേശികൾക്കും വിദേശികൾക്കും ഉപകാരപ്രദമാകും.

മട്ടാഞ്ചേരിയിലെ പ്രശസ്തനായ പരദേശി സിനഗോഗിനെപ്പോലെ ഇവിടെ ഒരു കറുത്ത ജൂതസിനഗോഗ് കൂടി സ്ഥിതി ചെയ്തിരുന്നതായി ചരിത്രം സാക്ഷ്യപ്പെടുത്തുന്നു. നിർഭാഗ്യവശാൽ ഇന്ന് ആ സ്ഥാനത്ത് അതിന്റെ അവശിഷ്ടങ്ങൾ മാത്രമേ കാണുവാൻ സാധിക്കൂ. നമ്മുടെ ചരിത്രത്തിൽ തന്ന നിർണായക പങ്കുവഹിച്ചിട്ടുള്ള ജൂതകുടിയേറ്റ കാലത്തിന്റെ സ്മരണയ്ക്കായി ഈ സിനഗോഗ് പുനർനിർമിക്കുവാനുള്ള പദ്ധതിയും പഠനത്തിൽ നിർദ്ദേശിക്കപ്പെട്ടിരിക്കുന്നു.

ഈ പ്രദേശത്തെ ജനങ്ങളിൽ പലരും വളരെ നിലവാരം കുറഞ്ഞ അടിസ്ഥാനസൗകര്യങ്ങളിലാണ് ജീവിച്ചു പോരുന്നത്. ഇവരുടെ ജീവിതസാഹചര്യം ഉയർത്തുവാൻ കേന്ദ്ര - സംസ്ഥാന ഗവൺമെന്റുകളുടെ സഹായത്തോടെയുള്ള പദ്ധതികളും നടപ്പിലാക്കേണ്ടവ തന്നെ.

ഒരു നല്ല സമൂഹത്തിന്റെ ആവശ്യങ്ങൾക്കും ആഗ്രഹങ്ങൾക്കുമനുസരിച്ച്, വാസ്തുശില്പകലയെ എങ്ങനെ ഫലപ്രദമായി പ്രയോജനപ്പെടുത്താമെന്നതിന് ഉദാഹരണമായി ചൂണ്ടിക്കാണിക്കാവുന്ന ഈ പഠനത്തിലൂടെ മട്ടാഞ്ചേരിയുടെ പുനരുജ്ജീവനം എങ്ങനെ ഫലപ്രദമാക്കാമെന്നുള്ളതിന്റെ വഴികൾ കൂടിയാണ് തെളിയുന്നത്. ഇത്തരം പഠനങ്ങളിലേക്കും വിദഗ്ദ്ധ നിർദ്ദേശങ്ങളിലേക്കും ഭരണാധികാരികളുടെ ശ്രദ്ധ പതിയുകയാണെങ്കിൽ സാധ്യമാകുന്നത് ചരിത്രത്തിന്റെ സംരക്ഷണം കൂടിയായിരിക്കും. ■

(ലേഖകൻ : എംഇഎസ് കോളജിലെ ആർക്കിടെക്ചർ വിഭാഗം ലക്ചററാണ്).